ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കാൻ ഉണ്ടാകുന്ന കാലതാമസം കൊണ്ട് ഓഫീസുകളിലെ ജോലികൾ വീഴ്ച കൂടാതെ ചെയ്യേണ്ടതുണ്ട്. ഈ സാഹചര്യങ്ങളിൽ വിമുക്ത ഭടന്മാരെ അവരുടെ സംഘടനകളുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയോഗിച്ചിട്ടുണ്ട്. ജോലിയുടെ വ്യാപ്തി, കമ്പ്യൂട്ടർവൽക്കരണത്തിന്റെ പുരോഗതി പി.എസ്.സി.-യിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ പ്രവേശനം, ഇവയെ അടിസ്ഥാനമാക്കി ഇവരെ ഉൾക്കൊള്ളുന്നതിനും ഒഴിവാക്കുന്നതിനും പ്രതിഫലം നൽകുന്നതിനുമുള്ള അധികാരം ശാഖാ മാനേജരിൽ നിക്ഷിപ്തമാണ്.

ആംനെസ്റ്റി സ്കീം

136 (2614) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റത്തവണ തീർപ്പാക്കലിലൂടെ കുടിശ്ശിക നികുതി അടയ്ക്കുന്നതിന് ഏർപ്പെടുത്തിയ ആംനെസ്റ്റി സ്കീം നടപ്പിലാക്കിയശേഷം ഇതുവരെ എത്ര കോടി രൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാനായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ കാലാവധി ഇനിയും നീട്ടണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(സി) സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന പെറുകിട ഇടത്തരം കച്ചവടക്കാർക്ക് സഹായകരമാകുന്നതും സർക്കാരിന് വരുമാനവർദ്ധനവുണ്ടാകുന്നതുമായ പ്രസ്തുത പദ്ധതിയുടെ കാലാവധി അവസാനിച്ചാൽ ഇത്തരത്തിൽ ഏതൊക്കെ പുതിയ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഒറ്റത്തവണ തീർപ്പാക്കലിലൂടെ കുടിശ്ശിക നികുതി അടയ്ക്കുന്നതിന് ഏർപ്പെടുത്തിയ ആംനെസ്റ്റി സ്കീം പ്രകാരം 31-12-2010 വരെ 211.14 കോടി രൂപ പിരിച്ചെടുക്കാനായിട്ടുണ്ട്.

(ബി) കേരള പൊതു വിൽപന നികുതി നിയമത്തിന്റെ 23 (ബി)-ാം വകുപ്പ് പ്രകാരമുള്ള ആംനെസ്റ്റി പദ്ധതി ഇതിനോടകം തന്നെ 31-3-2011 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly